REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-06-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പദ്ധതി നടത്തിപ്പുകളിലെ കാലതാമസം ഒഴിവാക്കണമെന്ന് 'പ്രഗതി' അവലോകന യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഷാൻഹായ് കോ- ഓപ്പറേഷൻ ഓർഗനൈസേഷൻ പ്രതിരോധമന്ത്രിമാരുടെ യോഗത്തിൽ ഇന്ന് പങ്കെടുക്കും.**
- **ഇന്ന് ലോക ലഹരി വിരുദ്ധദിനം. സംസ്ഥാന ഗവൺമെന്റിന്റെ 'NO TO DRUGS' - അഞ്ചാം ഘട്ട ക്യാമ്പയിൻ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യത. മൂന്ന് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. മൂന്ന് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.**
- **ഏഷ്യൻ അണ്ടർ -17 വനിതാ ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ടീം ജേതാക്കളായി.**

## വാർത്തകൾ വിശദമായി

പദ്ധതി നടത്തിപ്പുകളിലെ കാലതാമസം സാമ്പത്തിക ബാധ്യതയും പൗരന്മാർക്ക് അവശ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസവും ഉണ്ടാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വിലയിരുത്തി. അടിസ്ഥാന മേഖലാ വികസനത്തിനും ഇത് തടസ്സമാകും. ഇന്നലെ ന്യൂഡൽഹിയിൽ 48-ാമത് 'പ്രഗതി' അവലോകനയോഗത്തിൽ പ്രധാന പദ്ധതികൾ അവലോകനം ചെയ്യുകയായിരുന്നു അദ്ദേഹം.

അഭിലാഷ ജില്ലകൾക്ക് ഊന്നൽ നൽകി ആരോഗ്യ, അടിസ്ഥാനസൗകര്യ വികസനത്തിൽ സംസ്ഥാനങ്ങൾ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ദൗത്യം അവലോകനം ചെയ്യവെ നിർദേശം നൽകി.

✪✪✪

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഷാൻഹായ് കോ- ഓപ്പറേഷൻ ഓർഗനൈസേഷൻ പ്രതിരോധമന്ത്രിമാരുടെ യോഗത്തിൽ ഇന്ന് പങ്കെടുക്കും. ഇന്നലെ വൈകിട്ട് രാജ്നാഥ് സിംഗും സംഘവും ചൈനയിലെ ക്വിങ്ഡാവോ യിലെത്തിയിരുന്നു.

പ്രാദേശിക - അന്തർദേശീയ വിഷയങ്ങളും ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങൾ, സുരക്ഷ, സമാധാനം തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ച് അദ്ദേഹം ചർച്ച നടത്തും. ഭീകരപ്രവർത്തനങ്ങളും തീവ്രവാദവും ഇല്ലാതാക്കി രാജ്യാന്തര സമാധാനവും സുരക്ഷയും മെച്ചപ്പെടുത്താൻ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന ഇന്ത്യയുടെ കാഴ്ചപ്പാടിന് അദ്ദേഹം യോഗത്തിൽ ഊന്നൽ നൽകും.

അംഗരാജ്യങ്ങൾക്കിടയിൽ വ്യാപാര - സാമ്പത്തിക സഹകരണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം എടുത്തുപറയും. ചൈനയും റഷ്യയും ഉൾപ്പെടെ രാജ്യങ്ങളിലെ രാജ്യരക്ഷാ മന്ത്രിമാരുമായി രാജ്നാഥ് സിംഗ് ഉഭയകക്ഷി ചർച്ചകളും നടത്തും.

✪✪✪

ഇന്ന് ലോക ലഹരി വിരുദ്ധദിനം. ലഹരിവിപത്തിനെതിരെ അവബോധം വർധിപ്പിക്കാനും ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ജനങ്ങളെ അണിനിരത്താനും ലക്ഷ്യമിട്ടാണ് ഐക്യരാഷ്ട്രസംഘടന ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനം ആചരിക്കുന്നത്. സുരക്ഷിതവും മയക്കുമരുന്ന് രഹിതവുമായ ഒരു ഭാവിയിലേക്ക് എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ഡെസ്ക് റിപ്പോർട്ട്...

..........വോയ്സ്.......

ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്ത് ഇന്ന് ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ന്യൂഡൽഹിയിലെ അംബേദ്കർ ഇന്റർനാഷണൽ സെന്ററിലെ ലഹരി വിരുദ്ധ പരിപാടിയിൽ കേന്ദ്ര സഹമന്ത്രി B.L വർമ്മ മുഖ്യാതിഥിയായി പങ്കെടുക്കും.

സംസ്ഥാനത്തും വൈവിദ്ധ്യമാർന്ന പരിപാടികളോടെ അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം ആചരിക്കും. ലഹരിക്കെതിരെ സംസ്ഥാന ഗവൺമെന്റ് വിവിധ പദ്ധതികൾക്ക് ഇന്ന് തുടക്കമിടും. 'NO TO DRUGS' ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

കോഴിക്കോട് ജില്ല പഞ്ചായത്തിന്റെ 'ടു മില്യൺ പ്ലഡ്ജ്' ലഹരിവിരുദ്ധ ജനകീയ പ്രതിരോധ പരിപാടി രാവിലെ 11.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. ലഹരിവിരുദ്ധ സന്ദേശവും മുഖ്യമന്ത്രി കൈമാറും.

നാടിനായി നാളെക്കായി ഒന്നിക്കാമെന്ന സന്ദേശത്തിൽ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ 20 ലക്ഷം പേർ ഒരുമിച്ച് ലഹരിക്കെതിരായ പ്രതിജ്ഞ ചൊല്ലും. മന്ത്രിമാരായ PA മുഹമ്മദ് റിയാസ്, AK ശശീന്ദ്രൻ, MK രാഘവൻ എം.പി തുടങ്ങിയവർ സംബന്ധിക്കും.

✪✪✪

കായിക വകുപ്പിന്റെ ലഹരിവിരുദ്ധ സന്ദേശയാത്ര വൈകിട്ട് തിരൂരിൽ സമാപിക്കും. മെയ് 5 ന് കാസർകോട്ട് നിന്ന് ആരംഭിച്ച സന്ദേശയാത്ര 14 ജില്ലകളിലും പര്യടനം പൂർത്തിയാക്കിയിരുന്നു. മാരക രാസ ലഹരിക്കെതിരെ കായിക വകുപ്പ് "കിക്ക് ഡ്രഗ്സ് - സേ യെസ് ടു സ്പോർട്സ്" എന്ന സന്ദേശമാണ് യാത്രയിലുടനീളം അവതരിപ്പിച്ചത്. സമാപന സമ്മേളനത്തിന് മുന്നോടിയായി രാവിലെ പെരിന്തൽമണ്ണ ടൗൺ സ്ക്വയറിൽ നിന്ന് മിനി മാരത്തൺ സംഘടിപ്പിച്ചു. അല്പസമയത്തിനകം വാക്കത്തൺ പരിപാടി മന്ത്രി V അബ്ദുറഹ്മാൻ ഫ്ലാഗ്ഓഫ് ചെയ്യും. തുടർന്ന് സ്വീകരണ സമ്മേളനവും മാരത്തൺ ജേതാക്കൾക്ക് സമ്മാനവിതരണവും അദ്ദേഹം നടത്തും.

വേങ്ങര സഭാഹ് സ്ക്വയറിൽ ലഹരിവിരുദ്ധ സന്ദേശയാത്രയ്ക്ക് മന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകും. വൈകിട്ട് തിരൂർ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ വാക്കത്തണും അംബ്രല്ല റാലിയും സംഘടിപ്പിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയ കായിക താരങ്ങളും ജനപ്രതിനിധികളും സാമൂഹ്യ-സാംസ്കാരിക പ്രവർത്തകരും ഉൾപ്പെടെ 5000 ത്തോളംപേർ അംബ്രല്ല റാലിയിൽ പങ്കെടുക്കും. തുടർന്ന് പൊതുസമ്മേളനം മന്ത്രി V. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാന യുവജന ക്ഷേമബോർഡിന്റെ നേതൃത്വത്തിൽ രാവിലെ കാസർക്കോട്ട് സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ദിനാചരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ചട്ടഞ്ചാൽ ഹയർസെക്കന്ററി സ്കൂളിലാണ് ദിനാചരണപരിപാടികൾ.

✪✪✪

അടുത്ത വർഷം മുതൽ പത്താം ക്ലാസ് വാർഷിക പരീക്ഷ രണ്ട് ഘട്ടമായി നടത്താൻ തീരുമാനിച്ചതായി CBSE അറിയിച്ചു. ആദ്യ പരീക്ഷ ഫെബ്രുവരിയിലും രണ്ടാം പരീക്ഷ മേയിലും ആയിരിക്കും. ആദ്യഘട്ട പരീക്ഷ എല്ലാ വിദ്യാർഥികളും നിർബന്ധമായും എഴുതണം. വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, ഭാഷകൾ എന്നീ ഏതെങ്കിലും മൂന്ന് വിഷയങ്ങളിൽ മാർക്ക് മെച്ചപ്പെടുത്താനും അവസരം നൽകും. തീരുമാനം പരീക്ഷാ സമ്മർദ്ദം കുറയ്ക്കുമെന്നും കുടുതൽ ലളിതമായ പഠനാന്തരീക്ഷം സൃഷ്ടിക്കുമെന്നും കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ പറഞ്ഞു.

✪✪✪

ഓപ്പറേഷൻ സിന്ധു ദൗത്യത്തിൽ ഇറാനിൽ നിന്ന് ഇതുവരെ 3,154 ഇന്ത്യൻ പൗരന്മാരെ തിരിച്ചെത്തിച്ചതായി കേന്ദ്രസഹമന്ത്രി ശോഭാ കരന്ദലാജെ അറിയിച്ചു. ഇന്നലെ വൈകിട്ട് 296 ഇന്ത്യക്കാരേയും നാല് നേപ്പാളീ പൗരന്മാരേയും ഡൽഹിയിലെത്തിച്ചു. ഇതിനു പുറമെ, ഇസ്രായേലിൽ നിന്ന് 818 ഇന്ത്യക്കാരേയും തിരികെയെത്തിച്ചതായും ശോഭാ കരന്ദലാജെ ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മൂന്ന് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി.

വയനാട്, മലപ്പുറം, ഇടുക്കി ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. കാസർകോട്, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. ശനിയാഴ്ച വരെ കാസർകോട് മുതൽ കോട്ടയം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.........വോയ്സ്........

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും

കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കണ്ണൂർ, കാസർകോട് തീരങ്ങളിൽ കടലാക്രമണത്തിനും സാധ്യതയുണ്ട്.

കനത്തമഴ തുടരുന്ന തൃശ്ശൂർ, ഇടുക്കി, വയനാട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർമാർ അവധി നൽകി. കണ്ണൂർ ഇരിട്ടി താലൂക്കിലും എറണാകുളം കോതമംഗലം താലൂക്കിലും പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കും.

റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ഉണ്ടായിരിക്കില്ല. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും മാറ്റം ഉണ്ടായിരിക്കില്ല.

കേരളം, ഗൾഫ്, ലക്ഷദ്വീപ് കേന്ദ്രങ്ങളിൽ ഇന്നു നടത്തുന്ന ഹയർസെക്കന്ററി, VHSE സേ, ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് മാറ്റമില്ലെന്ന് പരീക്ഷ ജോയിന്റ് ഡയറക്ടർ അറിയിച്ചു.

✪✪✪

ഇടുക്കി ജില്ലയിൽ ശക്തമായ മഴ തുടരുകയാണ്. കൊച്ചി - ധനുഷ്കോടി ദേശീയപാതയിലെ മൂന്നാർ ഗ്യാപ് റോഡിൽ രാത്രികാല ഗതാഗതം പൂർണ്ണമായും നിരോധിച്ചു. വിനോദ സഞ്ചാര മേഖലയിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

✪✪✪

ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ഇടുക്കി ജില്ലയിലെ ലോവർപെരിയാർ, കല്ലാർകൂട്ടി, പൊൻമുടി, മലങ്കര അണക്കെട്ടുകൾ തുറന്ന് വെള്ളം ഒഴുക്കി തുടങ്ങി. മുതിരപ്പുഴയാറിന്റെയും തൊടുപുഴ - മൂവാറ്റുപുഴ ആറുകളുടെയും തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടം മുന്നറിയിപ്പ് നൽകി.

✪✪✪

പത്തനംതിട്ട മൂഴിയാർ അണക്കെട്ടിന്റെ മൂന്ന് ഷട്ടറുകൾ തുറന്ന സാഹചര്യത്തിൽ ആങ്ങമൂഴി, സീതത്തോട് പ്രദേശങ്ങളിൽ ജലനിരപ്പ് ഉയരാൻ സാധ്യതയുണ്ടെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. കക്കാട്ടാറിന്റെ തീരങ്ങളിൽ താമസിക്കുന്നവർക്കും ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

കണ്ണൂരിൽ അതിശക്തമായ മഴ തുടരുകയാണ്. കർണാടക വനമേഖലയിൽ ഉരുൾപൊട്ടൽ ഉണ്ടായതായി സംശയം. കൂട്ടുപുഴ ഭാഗത്ത് പുഴകളിൽ ജലനിരപ്പ് ഉയർന്നു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ...

........വോയ്സ്........

ഇരിട്ടി അയ്യങ്കുന്ന്  പാലത്തും കടവിൽ ബാരപോൾ ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കനാൽ കവിഞ്ഞൊഴുകി നാല് വീടുകളിലേക്ക് വെള്ളം കയറി.  മൂന്ന് കുടുംബങ്ങളെ ബന്ധുവീടുകളിലേക്കും  ഒരു കുടുംബത്തെ അയൽ വീട്ടിലേക്കും മാറ്റി പാർപ്പിച്ചു.

കർണ്ണാടക വനമേഖലയിൽ ഉരുൾപൊട്ടലുകൾ ഉള്ളതായി സംശയിക്കുന്നതിനാലും കൂട്ടുപുഴ ഭാഗത്ത് പുഴയിലെ ജലനിരപ്പ് വർധിക്കുന്നതിനാലും പഴശ്ശി ജലസംഭരണിയുടെ ഷട്ടറുകൾ ഏത് സമയവും ക്രമീകരിക്കേണ്ടി വരുന്നതിനാൽ വളപട്ടണം പുഴയുടെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് പഴശ്ശി ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

പഴശ്ശി ഡാമിന്റെ 16 സ്പിൽവേ ഷട്ടറുകളിൽ 13 എണ്ണം ആണ് തുറന്നിട്ടുള്ളത്..

ഇരിട്ടി താലൂക്കിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ഇരിട്ടി താലൂക്കിലെ സ്കൂളുകൾ, അങ്കണവാടികൾ, മതപഠന സ്ഥാപനങ്ങൾ, ട്യൂഷൻ സെന്ററുകൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജൂൺ 26 വ്യാഴാഴ്ച അവധി പ്രഖ്യാപിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റം ഉണ്ടായിരിക്കുന്നതല്ല.

✪✪✪

ഏഷ്യൻ അണ്ടർ -17 വനിതാ ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ടീം ജേതാക്കളായി. വിവിധ പ്രായ വിഭാഗങ്ങളിൽ അഞ്ച് സ്വർണം ഉൾപ്പെടെ പത്ത് മെഡൽ നേടിയ ഇന്ത്യ 215 പോയിന്റോടെയാണ്  ചാമ്പ്യൻഷിപ്പ് സ്വന്തമാക്കിയത്.

✪✪✪

കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ സംസ്ഥാന ജൂനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ അല്പസമയത്തിനകം തിരുവനന്തപുരം തൃശൂരിനെ നേരിടും. തുടർന്ന് കോഴിക്കോട് പത്തനംതിട്ടയേയും വൈകിട്ട് കാസർകോട് പാലക്കാടിനേയും കോട്ടയം ഇടുക്കിയേയും നേരിടും.

✪✪✪

ഈ വർഷത്തെ ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് നവംബറിൽ ജയ്പൂരിൽ നടത്തുമെന്ന് കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ അറിയിച്ചു. 200-ലേറെ സർവകലാശാലകളിലെ 4,000-ത്തിലധികം അത്‌ലറ്റുകൾ 20 ഇനങ്ങളിൽ മത്സരിക്കും.

✪✪✪

നിലമ്പൂർ MLA ആയി ആര്യാടൻ ഷൗക്കത്ത് നാളെ സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ മന്ദിരത്തിലെ R. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വൈകിട്ട് മൂന്നരയ്ക്ക് സ്പീക്കറുടെ മുന്നിലാണ് സത്യപ്രതിജ്ഞ.

✪✪✪

രാജ്യത്തെ മികച്ച പാസ്പോർട്ട് ഓഫീസായി കോഴിക്കോട് മേഖലാ ഓഫീസിനെ തെരഞ്ഞെടുത്തു. പാസ്പോർട്ട് ഓഫീസർമാരുടെ വാർഷിക സമ്മേളനത്തിൽ കേന്ദ്ര സഹമന്ത്രി പബിത്ര മാർഗരിറ്റയിൽ നിന്ന് കോഴിക്കോട് മേഖലാ പാസ്പോർട്ട് ഓഫീസർ K അരുൺ മോഹൻ പുരസ്കാരം ഏറ്റുവാങ്ങി. പാസ്പോർട്ട് വിതരണത്തിലെ കാര്യക്ഷമതയും പ്രതിബദ്ധതയും പരിഗണിച്ചാണ് പുരസ്കാരം.

✪✪✪

കണ്ണൂർ എടക്കാട് ഏഴരപാറപ്പള്ളി കടപ്പുറത്ത് തിരയിൽ പെട്ട് കാണാതായ യുവാവിന് വേണ്ടി രാവിലെ തെരച്ചിൽ പുനരാരംഭിക്കും. ഫർഹാൻ റഹൂഫ് എന്ന 18കാരനാണ് തീരത്തെ പാറക്കെട്ടിൽ നിൽക്കുമ്പോൾ തിരയടിച്ച് കടലിൽ വീണത്.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സാവത്തിലെ തിരുവാതിര ചതുശ്ശതവും തൃക്കൂർ അരിയളവും ഇന്ന് നടത്തും. നാളെ പുണർതം ചതുശ്ശതവും ശനിയാഴ്ച ആയില്യം ചതുശ്ശതവുമാണ്.

✪✪✪

*News Editor & Reader : അനിൽ ചന്ദ്രൻ*
*NRT: ഹസ്ന ഫാത്തിമ,രജ്ന കെ*
*DEO: സി കെ സുബോധ്*